പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1207 15-10-2026-ൽ മറുപടിയ്ക്ക്

ഭിന്നശേഷി വിദ്യാർഥികളുടെ വിദ്യാഭ്യാസ സാമൂഹിക ഉന്നമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ദീപക് ജോയ്

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ഭിന്നശേഷി വിദ്യാർഥികളുടെ വിദ്യാഭ്യാസ സാമൂഹിക ഉന്നമനത്തിനായി നിലവിലെ സർക്കാർ അധികാരമേറ്റതിന് ശേഷം എന്തൊക്കെ നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്?

മറുപടി: ഭിന്നശേഷിയുള്ള കുട്ടികളുടെ പഠനപങ്കാളിത്തവും നിലവാരവും മെച്ചപ്പെടുത്തുന്നതിനായി അധ്യാപകർക്കും സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്കും ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കുകയും കാഴ്ചപരിമിതിയുള്ള വിദ്യാർത്ഥികൾക്കായി ബ്രെയിൽ പാഠപുസ്തകങ്ങളും ശ്രവണപരിമിതിയുള്ള വിദ്യാർത്ഥികൾക്കും ബൗദ്ധിക പരിമിതിയുള്ള വിദ്യാർത്ഥികൾക്കും അനുയോജ്യമായ അനുരൂപീകരിച്ച പഠനസാമഗ്രികളും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. കൂടാതെ, പൊതുവിദ്യാലയങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനും കുട്ടികളുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനുമായി പ്രാരംഭ തിരിച്ചറിയൽ, വ്യക്തിഗത പഠനപിന്തുണ, തടസ്സരഹിത അന്തരീക്ഷം, തൊഴിൽനൈപുണ്യ വികസനം, പാഠ്യേതര പ്രവർത്തനങ്ങളിലെ തുല്യ പങ്കാളിത്തം, വകുപ്പുതല ഏകോപനം എന്നിവ ഉൾപ്പെടുത്തി **ഭിന്നശേഷി സൗഹൃദ വിദ്യാലയം - കരട് നയരേഖ 2026** തയ്യാറാക്കിയിട്ടുണ്ട്. ഭിന്നശേഷിയുള്ള ഓരോ കുട്ടിക്കും അനുയോജ്യമായ വിദ്യാഭ്യാസവും സമഗ്രവികസനത്തിനുള്ള അവസരങ്ങളും ഉറപ്പാക്കുകയാണ് ലക്ഷ്യം. 2026-27 വർഷം സാമ്പത്തിക സഹായപദ്ധതി (₹12.25 കോടി) മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതി (₹2.5 കോടി), ബാരിയർ ഫ്രീ സ്കൂൾ പദ്ധതി (₹9 കോടി) എന്നിവയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഒന്നു മുതൽ എട്ട് വരെ ക്ലാസുകളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്കാണ് സാമ്പത്തിക സഹായ പദ്ധതിയുടെ പ്രയോജനം. വിദ്യാലയങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനാണ് 'ബാരിയർ ഫ്രീ സ്കൂൾ' പദ്ധതിയും മെഡിക്കൽ പരിശോധന, പഠനയാത്ര, ബോധവൽക്കരണ പരിപാടികൾ എന്നിവയുൾപ്പെടെയുള്ള പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാണ് മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതിയും ലക്ഷ്യമിടുന്നത്.

ഭിന്നശേഷി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ- സാമൂഹിക ഉന്നമനത്തിനായി സമഗ്ര ശിക്ഷാ കേരളം നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

ചങ്ങാതിക്കൂട്ടം

ഗൃഹാധിഷ്ഠിതവിദ്യാഭ്യാസം (HBE) ചെയ്യുന്ന കുട്ടികൾക്ക് വിദ്യാലയ നേരനുഭവം സാധ്യതകൾ നൽകുന്നതിനും കൂട്ടു കൂടലിന്റെ മധുരമറിയുന്നതിനും വിദ്യാലയ പ്രവർത്തനങ്ങളുമായി കൂട്ടുകാർ വീട്ടിലെത്തി കുട്ടിയോടൊപ്പം അവധി ദിനങ്ങളും വിശേഷ ദിനങ്ങളും ചെലവഴിക്കുന്ന രീതിയിലാണ് ചങ്ങാതിക്കൂട്ടം പരിപാടി സംഘടിപ്പിക്കുന്നത്.

ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം (Home Based Education)

കേരളത്തിൽ ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നൽകിവരുന്നത് ആറായിരത്തിലധികം കുട്ടികൾക്കാണ്. ഈ കുട്ടികൾക്ക് പഠനസൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും ആവശ്യമായ പിന്തുണയും ഉറപ്പാക്കേണ്ടതുണ്ട്. ഓരോ വർഷവും ഈ കുട്ടികൾക്ക് അവർ പഠിക്കുന്ന സ്ഥാപനങ്ങളിൽ പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വൈവിധ്യമാർന്ന പഠനസാമഗ്രികൾ ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

പരിസ്ഥിതിനിർമാണ പരിപാടി (Environment Building Programme)

സവിശേഷപരിഗണന അർഹിക്കുന്നവർക്ക് ആത്മവിശ്വാസത്തോടെ ജീവിതത്തെ നേരിടുന്നതിന് ചുറ്റുമുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട് മാറ്റേണ്ടതുണ്ട്. സമൂഹത്തിന്റെ കാഴ്ചപ്പാട് അളവില്ലാത്ത രീതിയിൽ മാറ്റം കൊണ്ടുവരുന്നതിനായി ബോധവൽക്കരണ പരിപാടികളും സമൂഹത്തിന് ലഭ്യമാക്കുന്നതിനായാണ് എൻവയോൺമെന്റ് ബിൽഡിംഗ് പ്രോഗ്രാം. അതിനായി കുട്ടികൾക്ക് ആവശ്യമായ വീൽചെയറുകൾ, തെറാപ്പി നടത്തങ്ങൾ, സ്കൂൾതല സ്പീച്ച് തെറാപ്പി സംവിധാനങ്ങൾ, ഷോർട്ട് ഫിലിം നിർമ്മാണങ്ങൾ, സെമിനാറുകൾ പോലുള്ള സാമൂഹ്യബോധവൽക്കരണ പരിപാടികൾ, റേഡിയോ, ടെലിവിഷൻ പ്രക്ഷേപണ പരിപാടികൾ എന്നിവ പ്രയോജനപ്പെടുത്തുന്നു.

ഉൾച്ചേർക്കൽ കായികോത്സവം (Inclusive Sports)

സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ കായികശേഷിയും ആത്മവിശ്വാസവും വളർത്തുന്നതിനായി സമഗ്ര കായിക പരിപാടി നടപ്പിലാക്കുന്നു. ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ കായികമേളകൾ സംഘടിപ്പിക്കുകയും കുട്ടികൾക്ക് അനുയോജ്യമായ കായിക ഇനങ്ങളിൽ പരിശീലനം നൽകുകയും ചെയ്യുന്നു. എല്ലാ കുട്ടികൾക്കും തുല്യ അവസരങ്ങൾ ഉറപ്പാക്കുക,

സാമൂഹിക ഉൾച്ചേർക്കൽ പ്രോത്സാഹിപ്പിക്കുക, ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുക, കുട്ടികളിലെ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

സാമൂഹിക ഉൾച്ചേർക്കൽ

വിദ്യാഭ്യാസത്തിലെ സാമൂഹിക ഉൾച്ചേർക്കൽ എന്നത് പ്രത്യേക പരിഗണന ആവശ്യമായ കുട്ടികൾക്ക് പൊതുവിദ്യാഭ്യാസ സാഹചര്യങ്ങളിൽ സഹപാഠികളോടൊപ്പം പഠിക്കാനും ഇടപഴകാനും വളരാനും തുല്യാവസരങ്ങൾ ഉറപ്പാക്കുന്നതാണ്. തടസ്സങ്ങൾ നീക്കം ചെയ്യുക, അംഗീകാരവും സ്വീകാര്യതയും വളർത്തുക, വൈവിധ്യം, അന്തസ്സ്, തുല്യപങ്കാളിത്തം എന്നിവയെ മാനിക്കുന്ന, ഉൾക്കൊള്ളുന്ന അന്തരീക്ഷം സൃഷ്ടിക്കുക എന്നിവയാണ് ഈ പരിപാടികളുടെ ലക്ഷ്യം. ആസൂത്രിതമായ ഇടപെടലുകൾ, സർഗാത്മക വേദികൾ, കുടുംബപങ്കാളിത്തം, സമൂഹപങ്കാളിത്തം എന്നിവയിലൂടെ ഭിന്നശേഷിയുള്ള കുട്ടികളെ ആത്മവിശ്വാസവും സ്വയംപര്യാപ്തതയും സാമൂഹികമായ ഏകീകരണവും ഉള്ള വ്യക്തികളായി വളരാൻ പ്രാപ്തരാക്കുന്നു.

ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം ക്ലാസ് മുറിയിലെ പഠനത്തിൽ മാത്രം ഒതുങ്ങുന്നില്ല. കുട്ടികളുടെ വിദ്യാഭ്യാസപരവും സാമൂഹികവും വൈകാരികവും സർഗാത്മകവും ശാരീരികവുമായ ആവശ്യങ്ങൾ പരിഗണിച്ച് അവരുടെ സമഗ്രവികസനത്തിന് പ്രാധാന്യം നൽകുന്നു. വിവേചനവും അപമാനബോധവും കുറയ്ക്കുക, സഹപാഠികൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുക, സമൂഹത്തിന്റെ പങ്കാളിത്തവും ഉത്തരവാദിത്തവും വർധിപ്പിക്കുക, സ്കൂളിലും സമൂഹത്തിലും ഓരോ കുട്ടിക്കും അർത്ഥവത്തായി പങ്കെടുക്കാൻ സഹായിക്കുന്ന പിന്തുണാ സംവിധാനം ഒരുക്കുക എന്നിവയും സാമൂഹിക ഉൾച്ചേർക്കൽ പരിപാടികളിലൂടെ ചെയ്തുവരുന്നു.

B.D